പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം
നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 556. 10-06-2014-ൽ മറുപടിക്ക്

ലീഗൽ സർവ്വീസസ് അതോറിറ്റികളുടെ പ്രവർത്തനം

ചോദ്യം
ശ്രീ. ബെന്നി ബെഹനാൻ
" അൻവർ സാദത്ത്
" പി. എ. മാധവൻ
" ആർ. സെൽവരാജ്

ഉത്തരം
കെ. എം. മാണി
(ബഹു. ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി.)

| | | |
|---|---|---|
| (എ) | ലീഗൽ സർവ്വീസ് അതോറിറ്റികൾ രൂപവൽക്കരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ; | സംസ്ഥാനത്ത് എല്ലാ ജില്ലകളിലും ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റികളും, താലൂക്കുകളിൽ താലൂക്ക് ലീഗൽ സർവ്വീസസ് കമ്മിറ്റികളും, ഹൈക്കോടതിയിലെ കേസുകൾക്ക് വേണ്ടി ഹൈക്കോടതി ലീഗൽ സർവ്വീസസ് കമ്മിറ്റിയും, സംസ്ഥാന അടിസ്ഥാനത്തിൽ കേരളസംസ്ഥാന ലീഗൽ സർവ്വീസസ് അതോറിറ്റിയും രൂപവൽക്കരിച്ചിട്ടുണ്ട്. |
| (ബി) | എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത അതോറിറ്റികളിലൂടെ കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നൽകാമോ; | കോടതികളിൽ നിലവിലുള്ളതും കോടതിയിൽ ഇതുവരെ ഫയൽ ചെയ്യാത്തതുമായ പരിഹരിക്കാവുന്ന എല്ലാ തർക്കങ്ങൾക്കും അദാലത്തുകൾ വഴി നിയമ പിൻബലത്തോടെയുള്ള പരിഹാരം ഉണ്ടാക്കുക, അർഹരായ എല്ലാവർക്കും സൗജന്യ നിയമ സഹായം നൽകുക, വിവിധ ജനവിഭാഗങ്ങൾക്ക് നിയമബോധനം ഉണ്ടാക്കുക തുടങ്ങിയ ലക്ഷ്യങ്ങളാണ് അതോറിറ്റികളിലൂടെ കൈവരിക്കാനുദ്ദേശിക്കുന്നത്. |
| (സി) | അതോറിറ്റികൾ നടത്തുന്ന അദാലത്തുകൾ വഴി കേസുകൾക്ക് അന്തിമ തീർപ്പു കൽപ്പിക്കുവാൻ എന്തെല്ലാം കാര്യങ്ങളാണ് ഇവയുടെ പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തിയി | 1. ലീഗൽ സർവ്വീസസ് അതോറിറ്റീസ് ആക്ട്,1987 പ്രകാരം സംസ്ഥാന ലീഗൽ സർവ്വീസസ് അതോറിറ്റിയിലും ഹൈക്കോടതി ലീഗൽ സർവ്വീസസ് കമ്മിറ്റിയും ജില്ലാ ലീഗൽ സർവ്വീസസ് |

| | | |
|---|---|---|
| | ട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | അതോറിറ്റികളിലും താലൂക്ക് ലീഗൽ സർവ്വീസസ് കമ്മിറ്റികളിലും അദാലത്തുകൾ സംഘടിപ്പിക്കുമ്പോൾ ഒരു റിട്ടയേർഡ് അല്ലെങ്കിൽ സർവ്വീസിലുള്ള ന്യായാധിപൻ, ഒരു അഭിഭാഷകൻ എന്നിവർ ഉൾപ്പെട്ട ബഞ്ചാണ് ഇരു കക്ഷികളുടേയും സമ്മതത്തോടെയുള്ള തീർപ്പ് കൽപ്പിക്കുന്നത്. അപ്രകാരം ഉണ്ടാകുന്ന തീർപ്പുകൾ അന്തിമമായിരിക്കും.<br>2. സംസ്ഥാന ലീഗൽ സർവ്വീസസ് അതോറിറ്റിയുടെ ഉടമസ്ഥതയിലുള്ള മൊബൈൽ അദാലത്ത് വാഹനം വഴി സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും അദാലത്തുകൾ സംഘടിപ്പിക്കുന്നുണ്ട്.<br>3. സംസ്ഥാന ലീഗൽ സർവ്വീസസ് അതോറിറ്റിയുടെ 24 മണിക്കൂർ മൊബൈൽ ഹെൽപ്പ്ലൈൻ പൊതു ജനങ്ങൾക്ക് സൗജന്യ നിയമോപദേശവും അതോറിറ്റിയുടെ പ്രവർത്തനങ്ങളെ ക്കുറിച്ചുള്ള അറിവും നൽകിവരുന്നു. |
| (ഡി) | ഈ സർക്കാർ അധികാരമേറ്റ ശേഷം എത്ര അദാലത്തുകൾ നടത്തുകയും എത്ര കേസുകൾക്ക് അന്തിമ തീർപ്പു കൽപ്പിക്കുകയും ചെയ്തിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ? | ജൂൺ 2011 മുതൽ മാർച്ച് 2014 വരെ 10275 അദാലത്തുകൾ നടത്തുകയും 91241 കേസുകൾ തീർപ്പാക്കുകയും ചെയ്തു. |

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ